# 26-11-2022

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/11/2022.

1. നവംബർ 22 മുതൽ 26 വരെ കണ്ണൂർ തലശ്ശേരിയിൽ നടന്നുവരുന്ന കൃഷി വകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ പരിപാടിയായ കൃഷിദർശന്റെ സമാപന സമ്മേളനമായ കൃഷിക്കൂട്ട സംഗമത്തിന്റെ ഉദ്ഘാടനം നാളെ (നവംബർ 26ന്) ഉച്ചയ്ക്ക് മൂന്ന് മണിക്ക് പിണറായി കൺവെൻഷൻ സെന്ററിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഇതിനോടനുബന്ധിച്ച് ഉച്ചയ്ക്ക് ഒരു മണിക്ക് റീഫർ വാനുകളുടെ ഫ്ളാഗ് ഓഫ് കൃഷി മന്ത്രി പി. പ്രസാദ് നിർവഹിക്കും. ഉച്ചയ്ക്ക് 2 മണിക്ക് കമ്പൗണ്ടർ ഷോപ്പ് പിണറായി ജംഗ്ഷനിൽ നിന്നും കൃഷിക്കൂട്ട സംഗമം ഘോഷയാത്ര ആരംഭിക്കുന്നതാണ്.

2. ലോക ബാങ്കിന്റെ സഹായത്തോടുകൂടി വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ (വാം) എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. പിണറായി കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന കൃഷിദർശൻ പരിപാടിയിൽ കൃഷി ഉദ്യോഗസ്ഥന്മാരുടെയും പ്രാഥമിക അഗ്രികൾച്ചർ സഹകരണ സൊസൈറ്റി മേധാവികളുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കൃഷിവകുപ്പിനോടൊപ്പം തന്നെ മൃഗസംരക്ഷണം, ക്ഷീരവികസനം ,തദ്ദേശസ്വയംഭരണം തുടങ്ങി 11 വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി കാർഷിക ഉൽപാദനം കൂട്ടുന്നതോടൊപ്പം വിവിധങ്ങളായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ രൂപീകരിക്കും.

3. ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി 29.11.22 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ള സംസ്ഥാന സോയിൽ മ്യൂസിയ ത്തിൽ വച്ച് എൽ.പി, യുപി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്കായി **പെയിന്റിംഗ്** (വാട്ടർ കളർ), ഹൈസ്കൂൾ/ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി **ഉപന്യാസ രചന (മല യാളം, ഇംഗ്ലീഷ്** ) എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. താത്പര്യമുള്ള വിദ്യാർത്ഥികൾ 28.11.2022 ന് 5.00 മണിക്ക് മുമ്പായി ഗൂഗിൾ ഫോം (https://forms.gle/ueh4WcASENBMfTxdA ) വഴിയോ നേരിട്ടോ പേരു കൾ രജിസ്റ്റർ ചെയ്യേണ്ടതും 29.11.2022 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ള സംസ്ഥാന സോയിൽ മ്യൂസിയത്തിൽ തിരിച്ചറിയൽ രേഖയോടൊപ്പം ഹാജരാകേണ്ടതുമാണ്.

**മോബൈൽ ഫോട്ടോ മത്സരം**

16.11.2022 മുതൽ 29.11.2022 വരെ കേരളത്തിലുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹൈസ്ക്കൂൾ മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ഭക്ഷ്യപോഷണത്തിനായി മണ്ണ് എന്ന വിഷ

യത്തെ ആസ്പദമാക്കി **മോബൈൽ ഫോട്ടോ മത്സരം** സംഘടിപ്പിക്കുന്നുണ്ട്. ഇതിലേയ്ക്കായി താത്പര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും ഓരോ ഫോട്ടോ വീതം ഗൂഗിൾ ഫോം (https://forms.gle/kmoxpSqgzW26Ps1g6 ) മുഖേന സമർപ്പിയ്ക്കാവുന്നതാണ്.

എല്ലാ മത്സരത്തിലും വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റുകളും ട്രോഫികളും, ഡിസംബർ 5-ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല മണ്ണ് ദിനാഘോഷ ചടങ്ങിൽ വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ സമ്മാനിക്കുന്നതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന പെയിന്റിംഗ്, ഫോട്ടോ എന്നിവയുടെ പ്രദർശനം അന്നേ ദിവസം ഉണ്ടായിരിക്കുന്നതാണ്.

4. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കർഷക അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച ക്ഷീരകർഷകനായി ഇടുക്കി ഉടമ്പന്നൂർ ചീനിക്കുഴി കുറുമുള്ളാനിയിൽ കെ വി ഷൈനിനെ തെരഞ്ഞെടുത്തതായി മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് പുരസ്കാരം. വാണിജ്യാടിസ്ഥാനത്തിലെ മികച്ച ക്ഷീരകർഷകനായി തൃശ്ശൂർ മേലൂർ അടച്ചില്ലി നവ്യ ഫാംസ് പ്രൈവറ്റ് ലിമിറ്റഡിലെ ജിജി ബിജുവിനെയും സമ്മിശ്ര കർഷകനായി കോട്ടയം മുട്ടുചിറ അരുക്കുഴിയിൽ വിധു രാജീവിനെയും തിരഞ്ഞെടുത്തു. മികച്ച സംരംഭകയായി കോട്ടയം പാറത്തോട് പുത്തൻപുരയ്ക്കൽ റിനി നിഷാദിനെ തിരഞ്ഞെടുത്തു. കോട്ടയം മരങ്ങാട്ടുപിള്ളി തെങ്ങും തോട്ടത്തിൽ മാത്തുക്കുട്ടി ടോം ആണ് മികച്ച യുവകർഷകൻ.

5. തിരുവനന്തപുരം ജില്ലയിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് ഡിസംബർ 09 വരെ നടത്തുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

6. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ ഇലക്ട്രിക്കൽ വിഭാഗത്തിലേക്ക് 'എഞ്ചിനീയറിങ് ട്രെയിനി'യെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് ഇലക്ട്രിക്കൽ വിഷയത്തിൽ എഞ്ചിനീയറിങ് ബിരുദവും പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. 2022 ഡിസംബർ 01-ന് രാവിലെ 9 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **04812353311** (എക്സ്റ്റൻഷൻ 236) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'ജൈവ കൃഷി പരിപാലനം'** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിൻറെ കാലാവധി. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2022 നവംബർ 27 നു മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിശദശാംശങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **0487 2438567, 9497353389, 9567190858** എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ പരിശീലനം** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829**

**234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. ശീതകാല പച്ചക്കറി വിളയായ സവാള കൃഷിയ്ക്കായി തയ്യാറെടുക്കുന്ന കർഷകർ 45 മുതൽ 60 ദിവസം പ്രായമായതും 0.6 സെ.മീ മുതൽ 0.8 സെ.മീ വരെ വണ്ണവും 15 സെന്റിമീറ്റർ വരെ ഉയരവും ഉള്ള തൈകൾ നഴ്സറിയിൽ നിന്നും പ്രധാന കൃഷിയിടത്തിലേക്ക് ഡിസംബർ ആദ്യ വാരത്തോടെ പറിച്ചു നടേണ്ടതാണ്. 15 സെന്റിമീറ്ററിനു മുകളിൽ ഉയരമുള്ള തൈകളുടെ തലപ്പ് നുള്ളി കൊടുത്തതിനു ശേഷം പറിച്ചു നടീലിനായി അവ ഉപയോഗിക്കുക. പകലിന്റെ ദൈർഘ്യവും ചൂടും കുറഞ്ഞു നിൽക്കുന്ന സമയത്താണ് സവാള പറിച്ചു നടേണ്ടത്. നടുന്ന സമയത്തു തണുപ്പ് കാലാവസ്ഥയും വിളവെടുപ്പിന്റെ സമയത്തു ചൂടുള്ള കാലാവസ്ഥയുമാണ് പൊതുവെ സവാള കൃഷിയ്ക്ക് ആവശ്യം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം